ഉത്തരം

(എ-എഫ്) സാമ്പത്തിക വർഷാടിസ്ഥാനത്തിൽ റോഡുകളിൽ കുഴികൾ രൂപപ്പെടാറില്ല. അവയുടെ കണക്കുകൾ തിട്ടപ്പെടുത്താറുമില്ല. ആവശ്യകത അനുസരിച്ച് കുഴികൾമൂടി റോഡുകൾ സഞ്ചാരയോഗ്യമാക്കലാണ് സർക്കാരിന്റ പരിപാടി.

കുഴിയടയ്ക്കാനുള്ള യന്ത്രം വാങ്ങുന്നതിന് നടപടി

211 (808) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളിലെ കുഴിയടയ്ക്കുന്നതിനായി ഒരുവർഷം എത്ര കോടി രൂപയാണ് ചെലവിടുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളിലെ കുഴിയടയ്ക്കാനുള്ള യന്ത്രം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ ;

(സി) ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഏതൊക്കെ സ്ഥലങ്ങളിൽ നേരിട്ടുപോയി ഇത്തരം യന്ത്രങ്ങൾ പരിശോധിക്കുകയുണ്ടായി ;

(ഡി) ഇത്തരത്തിൽ എത്ര യന്ത്രങ്ങൾ, ഏത് കമ്പനിയിൽ നിന്നും വാങ്ങാനാണ് തീരുമാനിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കുഴി അടയ്ക്കുന്നതിനായി ഓരോവർഷവും ഉണ്ടാകുന്ന ഭീമമായ ചെലവ് ഒഴിവാക്കുവാൻ സഹായിക്കുന്ന ഇത്തരം യന്ത്രങ്ങൾ വാങ്ങുന്നതിന് എന്തൊക്കെ എതിർപ്പുകളാണ് വകുപ്പുദ്യോഗസ്ഥർ ഉന്നയിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് സംസ്ഥാനത്തെ റോഡുകളിലെ കുഴിയടയ്ക്കുന്നതിനായി 91.5 കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകി. ദേശീയപാതാ വിഭാഗത്തിൽ കുഴി അടയ്ക്കുന്നതിനായി ഈ വർഷം 686.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) തീരുമാനിച്ചിട്ടുണ്ട്.

(സി) ഡൽഹിയിലും പാറ്റ്നയിലും നേരിട്ടുപോയി യന്ത്രങ്ങൾ പരിശോധിക്കുകയുണ്ടായി.

(ഡി) ആദ്യപടിയായി ഒരു യന്ത്രം പാറ്റ്നയിലെ മേസ്സേഴ്സ് സ്പീഡ് ക്രാഫ്റ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽനിന്നും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഇ) എതിർപ്പുകൾ ഉന്നയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly